# ഭൂമിക്കു പൊള്ളുന്നു ; ജീവന് ഭീഷണി

**ഗ്രീൻപീസ്**

ജീവന്റെ നിലനിൽപ്പിനു ഭീഷണി ഉയർത്തിക്കൊണ്ട് ഭൂമിയുടെ ചൂട് അനുദിനം വർദ്ധിക്കുന്നു. അടുത്ത നൂറ്റാണ്ടിനുമുൻപ് ആഗോളതാപനിലയിൽ 1.4 മുതൽ 5.8 ഡിഗ്രി സെന്റിഗ്രേഡ് വരെ വർദ്ധനയുണ്ടാകുമെന്നാണ് സൂചനകൾ.

ഭൂമിയിലെ താപവർദ്ധനവിനെക്കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും പഠിക്കാൻ ഐക്യരാഷ്ട്രസംഘടന നിയോഗിച്ച ഇന്റർഗവൺമെന്റൽ പാനലാണ് ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ കണ്ടെത്തിയിട്ടുള്ളത്.

പടിപടിയായുള്ള താപവർദ്ധനവാകില്ല ഇനി ഉണ്ടാകുന്നത് എന്ന് പാനലിന്റെ റിപ്പോർട്ടിൽ മുന്നറിയിപ്പു നൽകുന്നു. പൊടുന്നനെയുള്ള ഒ

ഖം) 0484 - 451799, 451918

# ഭൂമിയ്ക്ക് പൊള്ളുന്നു ജീവന് ഭീഷണി

(ഒന്നാം പേജ് തുടർച്ച)

രു വർദ്ധനവായിരിക്കും താപനിലയിൽ ഉണ്ടാകാനിരിക്കുന്നത്. രൂക്ഷമായ വരൾച്ച, ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ, ടൊർണാഡോ, തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾ വരും നാളുകളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ആവർത്തിച്ചുകൊണ്ടിരിക്കും.

പ്രവചനാതീതമായ പ്രത്യാഘാതങ്ങളാണ് ലോകജനതയ്ക്ക് ഇതുമൂലം നേരിടേണ്ടിവരിക. ഭക്ഷ്യോൽപാദനത്തിൽ വൻ ഇടിവുണ്ടാകുന്നതുമൂലം 60 മുതൽ 350 മില്യൺ വരെ ജനങ്ങൾ പട്ടിണിയിലേക്ക് എടുത്തെറിയപ്പെടും. കൊതുകുകളുടെ വർദ്ധനവിനെത്തുടർന്ന് മലേറിയ, ഡെങ്കി പനി തുടങ്ങിയ രോഗങ്ങളും ഡയേറിയ പോലുള്ള ജലജന്യരോഗങ്ങളും പടർന്നുപിടിക്കും.

മനുഷ്യന്റെ വിവേകരഹിതമായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ അമ്പതുവർഷക്കാലത്തെ ആഗോളതാപനില വർദ്ധനവിന് ഇടയാക്കിയിട്ടുള്ളത് എന്ന് സംശയാതീതമായി തെളിഞ്ഞിട്ടുള്ളതായി റിപ്പോർട്ടിൽ സൂചനകളുണ്ട്. ആഗോളതാപവർദ്ധനവ് എന്ന പ്രതിഭാസം നിലവിലുണ്ടോ എന്നതല്ല അതെങ്ങിനെ പരിഹരിക്കാം എന്നതാണ് ഇനി ചർച്ചാവിഷയമാകേണ്ടത് എന്നും പാനൽ വെളിപ്പെടുത്തുന്നു.